"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-കേരള അഗ്നിരക്ഷാ സേവനം-കൊല്ലം ജില്ലാ ഫയർ ഓഫീസിലെ ക്ലാർക്ക് ശ്രീമതി.രാജി ആർ നെ ആസ്ഥാന കാര്യാലയത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ച ഡയറക്ടർ ജനറലിന്റെ നടപടി സാധൂകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1542/2024/HOME തീയതി,തിരുവനന്തപുരം, 01-06-2024

---

പരാമർശം:- 1. അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ 12/05/2023, 02/09/2023, 30/01/2024 തീയതികളിലെ FIREHQ/1480/2022-BA2 നം കത്ത്.

**ഉത്തരവ്**

അഗ്നിരക്ഷാ സേവന വകുപ്പിൽ ഇ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സർക്കാർ ചിലവിൽ (ജോലിയിൽ ആയിരിക്കേ) " PG-DEG (Post Graduate Diploma in E governance) കോഴ്സ് പൂർത്തീകരിച്ച ആൾ എന്ന നിലയിൽ കൊല്ലം ജില്ലാ ഫയർ ഓഫീസിലെ സീനിയർ ക്ലാർക്ക് ആയിരുന്ന ശ്രീമതി രാജി ആർ നെ ഇ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പ്രവർത്തന ക്രമീകരണാർത്ഥം ആസ്ഥാന ഓഫീസിൽ 08/07/2021 മുതൽ 12/04/2022 വരെ നിയോഗിച്ചിരുന്നു എന്നും ടി ഒൻപത് മാസ കാലയളവിൽ ആദ്യത്തെ മൂന്ന് മാസത്തേക്ക് ടൂർ ടി എ ക്ലെയിം ചെയ്യുന്നതിനായി കെ എസ് ആർ പാർട്ട് 2 റൂൾ 59 എ പ്രകാരം എക്സംപ്ഷൻ അനുവദിക്കുന്നതിന് ടിയാൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നു എന്നും അറിയിച്ച് പ്രസ്തു അപേക്ഷ നടപടിക്കായി അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറൽ പരാമർശത്തിലെ കത്തുകൾ പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഗ്നിരക്ഷാ സേവന വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിച്ചത് ക്രമപ്രകാരമല്ല. അഗ്നിരക്ഷാ സേവന വകുപ്പിൽ കൊല്ലം ജില്ലാ ഫയർ ഓഫീസിൽ സീനിയർ ക്ലാർക്ക് ആയ ശ്രീമതി രാജി.ആർ നെ വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ അടിയന്തര സാഹചര്യത്തിൽ ഇതു സംബന്ധിച്ച കോഴ്സ് സർക്കാർ ചെലവിൽ പൂർത്തീകരിച്ച ഏക ആൾ എന്ന നിലയിലും പ്രസ്തുത കോഴ്സ് പൂർത്തിര്യാക്കിയ മറ്റ് ജീവനക്കാർ ഇല്ലാത്തതിനാലുമാണ് ആസ്ഥാന കാര്യാലയത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചതെന്ന അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് കൊല്ലം ജില്ലാ ഫയർ ഓഫീസിൽ സീനിയർ ക്ലാർക്ക് ആയ ശ്രീമതി രാജി.ആർ നെ പ്രവർത്തന ക്രമീകരണാർത്ഥം

ആസ്ഥാന ഓഫീസിൽ നിയമിച്ച ഡയറക്ടർ ജനറലിന്റെ നടപടി സാധൂകരിച്ചും ക്രമപ്രകാരമല്ലാത്ത ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ARUN R B

അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ, ഫയർ & റസ്ക്യു സർവീസസ്, തിരുവനന്തപുരം

ശ്രീമതി രാജി.ആർ, സീനിയർ ക്ലാർക്ക് (ഡയറക്ടർ ജനറൽ മുഖേന)

ധനകാര്യ വകുപ്പ് (2602099 EP-B1/578/2023-FIN)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Shabeer S

Date: 01-06-2024 14:13:59

സെക്ഷൻ ഓഫീസർ